**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1517** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഹൗസിംഗ് ബോർഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെ നവീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തു മുഴുവൻ ബാധകമായ ഭവനനിർമ്മാണ നയം രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഹൗസിംഗ് ബോർഡിൽ ആവശ്യമായ നവീകരണം നടത്തുന്നത് പരിശോധിക്കുന്നതാണ്. |
| (ബി) | ഹൗസിംഗ് ബോർഡിൽ 2015 മുതൽ പെൻഷനായവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ മുഴുവനായും നൽകിയിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ സാധിച്ചിട്ടില്ല. 2015 മുതൽ വിരമിച്ച പെൻഷൻകാരുടെ ടെർമിനൽ സറണ്ടർ ആനുകൂല്യവും നാളിതുവരെ നൽകാൻ കഴിഞ്ഞിട്ടില്ല. 2019 മുതൽ വിരമിച്ച 39 ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങളുടെ പകുതി മാത്രമേ നല്കിയിട്ടുള്ളൂ. 31/5/2020 മുതൽ വിരമിച്ച 35 ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവായെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് കാരണം പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് വിരമിച്ച ജീവനക്കാരുടെ മുൻഗണനാക്രമം അനുസരിച്ച് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ